**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ -2780 17.06.2019-ലെ മറുപടി**

**മൈനോറിറ്റി കുടിവെള്ള പദ്ധതി**

| **ചോദ്യം.** | **മറുപടി** |
|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | **കെ. കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന മൈനോറിറ്റി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ വെട്ടത്തൂർ സർവ്വീസ് ബാങ്ക് ഏരിയ കുടിവെള്ള പദ്ധതിയിലും, പെരിന്തൽമണ്ണ മുൻസിപ്പാലിറ്റിയിലെ മൗലാന ജംഗ്ഷൻ മുതൽ ഊട്ടി റോഡ് ബൈപാസ് ജംഗ്ഷൻ വരെ എ.സി.പൈപ്പ് മാറ്റി വയ്ക്കൽ പദ്ധതിയിലും നാളിതു വരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; | (എ) തുക ഒന്നും ചിലവഴിച്ചിട്ടില്ല. |
| (ബി) പ്രസ്തുത പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിയ്ക്കുമോ? | (ബി) വെട്ടത്തൂർ സർവ്വീസ് ഏരിയ കുടിവെള്ളപദ്ധതിക്ക് വേണ്ടി ടെണ്ടർ ചെയ്ത് അവാർഡ് ചെയ്ത പ്രവൃത്തി കിണറിനുള്ള സ്ഥലം ലഭ്യമാക്കാനാകാതെ റദ്ദ് ചെയ്യുകയാണുണ്ടായത്. ഇതിനു ശേഷം പുതുക്കിയ സ്ഥലം ലഭ്യമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോഴേക്കും ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ പുതുക്കിയ ഭരണാനുമതി നൽകേണ്ടി വന്നു. 19.04.2018 ന് മൈനോറിറ്റി വിഭാഗവുമായി നടന്ന മീറ്റിംഗിൽ 2016 ന് മുൻപ് ഭരണാനുമതി ലഭ്യമായ ഇതുവരെ നടപ്പിലാക്കാത്ത പ്രവൃത്തികൾ നടപ്പിലാക്കേണ്ട എന്ന നിർദേശവും നല്കി. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ മൗലാന ജംഗ്ഷൻ മുതൽ ഊട്ടി റോഡ് വരെ ബൈപ്പാസ് ജംഗ്ഷൻ വരെ എ.സി പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിന് 30.00 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച പ്രവൃത്തിക്ക് റോഡ് റെസ്റ്റോറേഷൻ ഇനത്തിൽ മാത്രം 29,67,800/- രൂപ പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ടു. ഇപ്പോൾ KIIFB TRAN 10 WRD 025-13 -ൽ ഉൾപ്പെടുത്തി പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലെ മുഴുവൻ എ. സി. പൈപ്പുകളും മാറ്റുന്നതിന് 92.52 കോടി രൂപയുടെ ഭരണാനുമതി ആയിട്ടുണ്ട്. ഇതിൽ ഈ പ്രദേശവും ഉൾപ്പെടുത്തിയതിനാൽ ഇനി ഈ പ്രവൃത്തി മൈനോറിറ്റി പദ്ധതിയിൽ ചെയ്യേണ്ടതില്ല. |

Renuka Sankar

സെക്ഷൻ ഓഫീസർ